## കേരള സർക്കാർ

## സംഗ്രഹം

പിന്നാക്ക വിഭാഗ വികസനം - കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ ചേർത്തല ഉപജില്ലാ ഓഫീസിനായി കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള പഴയ ബ്രാഞ്ച് കെട്ടിടം സ്ഥിതി ചെയ്യുന്ന വസ്തു വിലയ്ക്ക് വാങ്ങുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

## പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്

സ.ഉ.(സാധാ)നം.30/2023/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 23/03/2023.

==========================================================================

പരാമർശം: കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 11/01/2023-ലെ 687/ഇ 2/2019/കെ.എസ്.ബി.സി.ഡി.സി. നമ്പർ കത്ത്.

## ഉത്തരവ്

കോർപ്പറേഷന്റെ ചേർത്തല ഉപജില്ലാ ഓഫീസ് നിലവിൽ പ്രവർത്തിക്കുന്നത് ചേർത്തലയിലെ ശാല്യ ഷോപ്പിംഗ് കോംപ്ലക്സിലെ രണ്ടാം നിലയിലാണെന്നും, ടി സ്ഥലം നാഷണൽ ഹൈവേയുടെ വികസനത്തിനായി ഏറ്റെടുക്കുന്നതിനാൽ ടി കെട്ടിടത്തിൽ ഓഫീസ് തുടർന്ന് പ്രവർത്തിക്കുവാൻ സാധിക്കാത്ത സാഹചര്യമാണ് ഉള്ളതെന്നും, കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള ചേർത്തല ബ്രാഞ്ച് ഓഫീസ് കെട്ടിടം അടങ്ങിയ വസ്തു വിൽക്കുവാൻ ഉണ്ടെന്ന് അറിഞ്ഞ സാഹചര്യത്തിൽ ടി വസ്തു കോർപ്പറേഷന്റെ ചേർത്തല ഉപജില്ലാ ഓഫീസിനായി വാങ്ങുന്നതിനുള്ള പ്രൊപ്പോസൽ പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന് നൽകിയിരുന്നുവെന്നും, ആയതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന് ചേർത്തല അരൂർ കുറ്റി മെയിൻ റോഡിന് സമീപം 8.92 സെന്റ് വസ്തുവും അതിൽ 943.97 Sq.m. വിസ്തൃതിയുള്ള കെട്ടിടവുമുണ്ടെന്നും, ആയതിന് അപ് സെറ്റ് പ്രൈസ് ആയി 60 ലക്ഷം രൂപയാണ് വില നിശ്ചയിച്ചിട്ടുള്ളതെന്ന് കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറെ അറിയിക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ 12/10/2022 -ൽ ഹൗസിംഗ് ബോർഡിന്റെ പ്രതിനിധികളുമായി അപ് സെറ്റ് വിലയായ 60 ലക്ഷം രൂപയിന്മേൽ നെഗോഷിയേഷൻ നടത്തുന്നതിന് കോർപ്പറേഷന്റെ ജനറൽ മാനേജർ (എച്ച്.ആർ.എം & അഡ്മിൻ), ജനറൽ മാനേജർ (എഫ് & എ) ചർച്ച നടത്തുകയും, ടി വസ്തു 55 ലക്ഷം രൂപയ്ക്ക് വാങ്ങുന്നതിനുള്ള താൽപര്യം അറിയിക്കുകയും ചെയ്തുവെങ്കിലും കോർപ്പറേഷൻ നിശ്ചയിച്ച വില വളരെ കുറവാണെന്നും വസ്തുവിന്റെ വില 60 ലക്ഷം രൂപയായി കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് സബ്കമ്മിറ്റി നിശ്ചയിച്ചിട്ടുണ്ടെന്നും, ടി വിലയിൽ നിന്നും 2 ലക്ഷം രൂപ കുറച്ച് 58 ലക്ഷം രൂപയ്ക്ക് ടി വസ്തു കോർപ്പറേഷന് വിലയ്ക്ക് നൽകാൻ ഹൗസിംഗ് ബോർഡ് സന്നദ്ധത അറിയിച്ചതായും ആയതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം ഡയറക്ടർ ബോർഡ് ചർച്ച ചെയ്യുകയും, തുടർ നടപടികൾ സ്വീകരിക്കുവാൻ മാനേജിംഗ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും ഉണ്ടായി എന്നും ആയതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ഹൗസിംഗ് ബോർഡിൽ നിന്നും ചേർത്തല അരൂർ കുറ്റി മെയിൻ റോഡിന് സമീപമുള്ള 8.92 സെന്റ് വസ്തുവും അതിലുള്ള 943.97 Sq.m. വിസ്തൃതിയുള്ള കെട്ടിടവും 58 ലക്ഷം രൂപയ്ക്ക് വിലയ്ക്ക് വാങ്ങുന്നതിനുള്ള അനുമതി നൽകണമെന്നും പരാമർശത്തിലെ കത്ത് പ്രകാരം കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

(.....2)

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭൂമി കൈമാറ്റം ചെയ്യുന്നതിന് 1971 -ലെ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് ആക്ട് സെക്ഷൻ 73 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ള നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ടും, പതിച്ചു കിട്ടിയതോ, പാട്ടത്തിന് നൽകിയതോ, കൈമാറി കിട്ടിയതോ അല്ല ഈ ഭൂമി എന്ന് ഉറപ്പു വരുത്തിയതിന് ശേഷം, കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന്റെ ചേർത്തല അരൂർ കുറ്റി മെയിൻ റോഡിന് സമീപം 8.92 സെന്റ് വസ്തുവും അതിൽ 943.97 Sq.m. വിസ്തൃതിയുള്ള കെട്ടിടവും 58 ലക്ഷം രൂപയ്ക്ക് വിലയ്ക്ക് വാങ്ങുന്നതിന് കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**പ്രശാന്ത് എൻ ഐ.എ.എസ്**
**സ്പെഷ്യൽ സെക്രട്ടറി**

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, പാറ്റൂർ, വഞ്ചിയൂർ പി.ഒ, തിരുവനന്തപുരം

കമ്മീഷണർ, കേരള സംസ്ഥാന ഹൗസിംഗ് ബോർഡ്, ശാന്തി നഗർ, തിരുവനന്തപുരം

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ / ഓഡിറ്റ്), കേരള, തിരുവനന്തപുരം

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് [വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി]

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ